# CHAPTER - 6
# വിലയും വിപണിയും

---

**1. മനുഷ്യന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും തമ്മിലുള്ള വ്യത്യാസം ഉദാഹരണസഹിതം വിവരിക്കുക.**

- മനുഷ്യന്റെ നിലനിൽപ്പിന് ഒഴിച്ചുകൂടാനാവാത്ത ആവശ്യങ്ങളെയാണ് അടിസ്ഥാന ആവശ്യങ്ങൾ അഥവാ പ്രാഥമിക ആവശ്യങ്ങൾ എന്ന് വിളിക്കുന്നത് (ഉദാ: ആഹാരം, വായു, ജലം, വസ്ത്രം, പാർപ്പിടം).
- നിലനിൽപ്പിന് അത്യാവശ്യമല്ലെങ്കിലും ജീവിതം സന്തോഷകരമാക്കാൻ നാം ആഗ്രഹിക്കുന്ന കാര്യങ്ങളെയാണ് ആഗ്രഹങ്ങൾ എന്ന് പറയുന്നത് (ഉദാ: വാഹനം, ആഡംബര വസ്തുക്കൾ).
- ആവശ്യങ്ങൾ പരിമിതമാണെങ്കിലും മനുഷ്യന്റെ ആഗ്രഹങ്ങൾ അമിതവും വൈവിധ്യമാർന്നതുമാണ്.

**2. ഉൽപാദനം എന്നാൽ എന്ത്? ഉൽപാദന പ്രക്രിയയിലെ നിവേശങ്ങളെയും ഉല്പന്നങ്ങളെയും കുറിച്ച് വിശദമാക്കുക.**

- നിവേശങ്ങളെ ഉല്പന്നങ്ങളാക്കി മാറ്റുന്ന സാങ്കേതിക പ്രക്രിയയാണ് ഉൽപാദനം.
- ഉൽപാദനത്തിനായി ഉപയോഗിക്കുന്ന ഘടകങ്ങളെ (ഭൂമി, തൊഴിലാളികൾ, യന്ത്രങ്ങൾ, അസംസ്കൃത വസ്തുക്കൾ) നിവേശങ്ങൾ എന്ന് വിളിക്കുന്നു.
- ഈ നിവേശങ്ങൾ ഉപയോഗിച്ച് നിർമ്മിച്ചെടുക്കുന്ന വസ്തുവിനെ ഉല്പന്നം എന്നും വിളിക്കുന്നു.
- ഉദാഹരണത്തിന്, തടി, അധ്വാനം, യന്ത്രം എന്നിവ നിവേശങ്ങളും അവ ഉപയോഗിച്ച് നിർമ്മിക്കുന്ന കസേര ഉല്പന്നവുമാണ്.

**3. ഉൽപാദന ധർമ്മം എന്നാൽ എന്ത്? അതിന്റെ സമവാക്യം വിശകലനം ചെയ്യുക.**

- ഒരു നിശ്ചിത കാലയളവിൽ ഉൽപാദനത്തിന് ഉപയോഗിച്ച നിവേശങ്ങളും ലഭിച്ച ഉല്പന്നങ്ങളും തമ്മിലുള്ള സാങ്കേതിക ബന്ധമാണ് ഉൽപാദന ധർമ്മം.
- ഇതിനെ $Q = f(N, L, K, O)$ എന്ന് രേഖപ്പെടുത്താം.
- Q = ഉല്പന്നത്തിന്റെ അളവ് , N = ഭൂമി , L = തൊഴിൽ , K = മൂലധനം , O = സംഘാടനം

**4. സ്ഥിരനിവേശങ്ങളും , അസ്ഥിരനിവേശങ്ങളും താരതമ്യം ചെയ്യുക.**

- ഉൽപാദനത്തിന്റെ അളവിൽ മാറ്റം വരുത്തുമ്പോൾ ചുരുങ്ങിയ കാലയളവിൽ അളവ് മാറ്റാൻ കഴിയാത്ത നിവേശങ്ങളെ സ്ഥിരനിവേശങ്ങൾ എന്ന് വിളിക്കുന്നു (ഉദാ: ഭൂമി, സംഘാടനം).

- എന്നാൽ ഉൽപാദനത്തിന്റെ അളവ് കൂടുന്നതിനനുസരിച്ച് മാറ്റം വരുത്താൻ കഴിയുന്ന നിവേശങ്ങളെ അസ്ഥിരനിവേശങ്ങൾ എന്ന് വിളിക്കുന്നു (ഉദാ: തൊഴിലാളികൾ, അസംസ്കൃത വസ്തുക്കൾ).

**5. ഉൽപാദന ഘടകമായ ഭൂമിയുടെ സവിശേഷതകൾ ഏവ?**

- പ്രകൃതിയുടെ സൗജന്യമായ കനിവാണ് ഭൂമി.
- ഇതിന്റെ വിതരണം പരിമിതമാണ്.
- ഭൂമിയുടെ ഉൽപാദനക്ഷമത സ്ഥലത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും.
- ഉൽപാദന പ്രക്രിയയിൽ ഭൂമിക്ക് നൽകുന്ന പ്രതിഫലത്തെ 'പാട്ടം' എന്ന് വിളിക്കുന്നു.

**6. തൊഴിലാളിയും അധ്വാനവും തമ്മിലുള്ള ബന്ധം വിശദീകരിക്കുക.**

- ഉൽപാദനത്തിന് ഉപയോഗിക്കുന്ന മനുഷ്യന്റെ ശാരീരികവും മാനസികവുമായ പ്രയത്നമാണ് അധ്വാനം.
- തൊഴിലാളിയെ അധ്വാനത്തിൽ നിന്ന് വേർപെടുത്താൻ കഴിയില്ല.
- അധ്വാനം നശിച്ചുപോകുന്ന ഒന്നാണ് (ഉപയോഗിച്ചില്ലെങ്കിൽ ആ ദിവസത്തെ അധ്വാനം നഷ്ടപ്പെടുന്നു).
- ഇതിന് പ്രതിഫലമായി നൽകുന്നത് 'വേതനം' ആണ്.

**7. ഉൽപാദന ഘടകമായ മൂലധനത്തിന്റെ പ്രാധാന്യം എന്ത്?**

- ഉൽപാദനത്തിനായി ഉപയോഗിക്കുന്ന മനുഷ്യനിർമ്മിതമായ ഉപകരണങ്ങളാണ് മൂലധനം.
- ഇതിൽ യന്ത്രങ്ങൾ, ഉപകരണങ്ങൾ, കെട്ടിടങ്ങൾ, പണം എന്നിവ ഉൾപ്പെടുന്നു.
- മൂലധനം ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കുന്നു.
- ഇതിന് പ്രതിഫലമായി നൽകുന്നത് 'പലിശ' ആണ്.

**8. ഒരു സംഘാടകൻ ഉൽപാദന പ്രക്രിയയിൽ വഹിക്കുന്ന ചുമതലകൾ ഏവ?**

- ഉൽപാദന ഘടകങ്ങളായ ഭൂമി, തൊഴിൽ, മൂലധനം എന്നിവയെ കാര്യക്ഷമമായി ഏകോപിപ്പിക്കുക എന്നതാണ് സംഘാടകന്റെ പ്രധാന ധർമ്മം.
- ഉൽപാദനത്തിലെ നഷ്ടസാധ്യതകൾ ഏറ്റെടുക്കുന്നതും ലാഭകരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതും സംഘാടകനാണ്.
- സംഘാടനത്തിന് ലഭിക്കുന്ന പ്രതിഫലം 'ലാഭം' ആണ്.

**9. ഉപഭോഗം എന്നാൽ എന്ത്? ഉപഭോക്താവിനെ നിർവചിക്കുക.**

- മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സാധനങ്ങളും സേവനങ്ങളും വാങ്ങി ഉപയോഗിക്കുന്ന പ്രവർത്തനമാണ് ഉപഭോഗം.
- വിപണിയിൽ നിന്ന് പണം നൽകിയോ, പണം നൽകാമെന്ന കരാറിലോ സാധനങ്ങൾ വാങ്ങി സ്വന്തം ആവശ്യത്തിനായി ഉപയോഗിക്കുന്ന വ്യക്തിയാണ് ഉപഭോക്താവ്.

**10. ഉപഭോഗ രീതിയെ സ്വാധീനിക്കുന്ന നാല് ഘടകങ്ങൾ ഏവ?**

- വരുമാനം, വ്യക്തികളുടെ അഭിരുചികളും താൽപ്പര്യങ്ങളും, സാധനങ്ങളുടെ വിലനിലവാരം, പരസ്യങ്ങളും സാമൂഹിക പശ്ചാത്തലവും. കൂടാതെ കാലാവസ്ഥയും വിഭവങ്ങളുടെ ലഭ്യതയും ഉപഭോഗത്തെ സ്വാധീനിക്കാറുണ്ട്.

**11. സുസ്ഥിര ഉപഭോഗം എന്ന ആശയത്തിന്റെ പ്രസക്തി വിവരിക്കുക.**

- പാരിസ്ഥിതിക ആഘാതം കുറച്ചുകൊണ്ടുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും ഉപയോഗമാണ് സുസ്ഥിര ഉപഭോഗം.
  <u>**ലക്ഷ്യങ്ങൾ**</u>
- വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ പാരിസ്ഥിതിക ആഘാതങ്ങൾ കുറയ്ക്കുക.
- വിഭവങ്ങളുടെ പുനരുൽപാദന സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക.
- ഉൽപാദനത്തിലൂടെയും ഉൽപ്പന്നങ്ങളുടെ പുനരുപയോഗത്തിലൂടെയും ആവശ്യമായ എല്ലാ സാധനങ്ങളും പരമാവധി ജനങ്ങളിലേക്ക് എത്തിക്കുക.
- ഊർജസംരക്ഷണം പരമാവധി ഉറപ്പുവരുത്തുക.
- സുരക്ഷിതമായ തൊഴിലിടവും തൊഴിലാളികളുടെ സുരക്ഷിതത്വവും ഉറപ്പാക്കുക.

**12. സുസ്ഥിര ഉൽപാദനം എന്നാൽ എന്ത്? അത് എങ്ങനെ സാധ്യമാക്കാം?**

- പ്രകൃതിവിഭവങ്ങളെ അമിതമായി ചൂഷണം ചെയ്യാതെയും പരിസ്ഥിതി മലിനീകരണം കുറച്ചും സാധനങ്ങൾ നിർമ്മിക്കുന്ന രീതിയാണിത്.
- വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം, ഊർജ്ജ സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യ എന്നിവയിലൂടെ സുസ്ഥിര ഉൽപാദനം സാധ്യമാക്കാം.

13. **സുസ്ഥിര വികസനം എന്നതിനെ ഐക്യരാഷ്ട്രസഭ നിർവചിച്ചിരിക്കുന്നത് എങ്ങനെ?**

- വരും തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവിൽ വിട്ടുവീഴ്ച ചെയ്യാതെ ഇന്നത്തെ തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലുള്ള വികസനമാണ് സുസ്ഥിര വികസനം.
- സാമ്പത്തിക വളർച്ച, സാമൂഹിക നീതി, പരിസ്ഥിതി സംരക്ഷണം എന്നിവ ഇതിന്റെ തൂണുകളാണ്.

**14. ഐക്യരാഷ്ട്രസഭ മുന്നോട്ടുവെച്ച സുസ്ഥിര വികസന ലക്ഷ്യങ്ങൾ** (SDGs) **എഴുതുക.**

- ദാരിദ്ര്യനിർമ്മാർജ്ജനം
- വിശപ്പില്ലാത്ത അവസ്ഥ ,
- ഗുണമേന്മയുള്ള വിദ്യാഭ്യാസം
- ലിംഗസമത്വം
- ശുദ്ധജലം
- ഉത്തരവാദിത്ത ഉപഭോഗം

- കാലാവസ്ഥാ പ്രവർത്തനം

**15. വിപണി എങ്ങനെയാണ് ഉൽപാദകരെയും ഉപഭോക്താക്കളെയും ബന്ധിപ്പിക്കുന്നത്?**

- ഉൽപാദകർ ഉല്പന്നങ്ങൾ വിൽക്കുന്നതിനും ഉപഭോക്താക്കൾ അവ വാങ്ങുന്നതിനും ഒത്തുചേരുന്ന സംവിധാനമാണ് വിപണി.
- ഉൽപാദകർ സാധനങ്ങളും സേവനങ്ങളും വിപണിയിലെത്തിക്കുന്നു.
- ഉപഭോക്താക്കൾ ഉല്പന്നങ്ങൾക്ക് വില നൽകുന്നു.
- ഈ പണം ഉൽപാദകർക്ക് വരുമാനമാകുന്നു.
- ഈ വരുമാനത്തിൽ നിന്ന് ഉൽപാദകർ ഉപഭോക്താക്കൾക്ക് (തൊഴിലാളികൾക്ക്) വേതനം നൽകുന്നു.
- ഇങ്ങനെ പണവും അധ്വാനവും സാധനങ്ങളും ഇവർക്കിടയിൽ നിരന്തരം കൈമാറ്റം ചെയ്യപ്പെടുന്നു.

**16. "ഭൂമി എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ മതിയായതാണ്, എന്നാൽ ഒരാളുടെ പോലും അത്യാർത്തിക്ക് തികയുകയില്ല" - ഗാന്ധിജിയുടെ ഈ വാക്കുകൾ വിശകലനം ചെയ്യുക.**

- വിഭവങ്ങൾ പരിമിതമാണെന്നും അവ അത്യാർത്തിയോടെ ചൂഷണം ചെയ്യുന്നത് പ്രകൃതിയുടെ നാശത്തിന് കാരണമാകുമെന്നും ഈ വരികൾ ഓർമ്മിപ്പിക്കുന്നു.
- സുസ്ഥിരമായ ജീവിതശൈലി പിന്തുടരേണ്ടതിന്റെയും വിഭവങ്ങൾ മിതമായി ഉപയോഗിക്കേണ്ടതിന്റെയും പ്രാധാന്യമാണ് ഇത് വ്യക്തമാക്കുന്നത്.

**17. സാമ്പത്തിക വിഭവങ്ങൾ ആഗ്രഹങ്ങളെ എങ്ങനെ നിയന്ത്രിക്കുന്നു?**

- മനുഷ്യന്റെ ആഗ്രഹങ്ങൾ അനന്തമാണെങ്കിലും അവ നിറവേറ്റാനുള്ള വരുമാനം അഥവാ സാമ്പത്തിക വിഭവം പരിമിതമാണ്.
- അതിനാൽ തന്റെ പക്കലുള്ള വരുമാനത്തിനനുസരിച്ച് ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ തിരഞ്ഞെടുക്കാൻ ഓരോ വ്യക്തിയും നിർബന്ധിതനാകുന്നു.

18. **വരുമാനവും ഉപഭോഗ രീതിയും തമ്മിലുള്ള ബന്ധം എന്ത്?**

- വരുമാനം കുറഞ്ഞ വ്യക്തികൾ ആകെ വരുമാനത്തിന്റെ വലിയൊരു ഭാഗം ആഹാരത്തിനും മറ്റ് അടിസ്ഥാന ആവശ്യങ്ങൾക്കും ചിലവഴിക്കുന്നു.
- എന്നാൽ വരുമാനം കൂടുമ്പോൾ ആഹാരത്തിനുള്ള ചിലവ് ആനുപാതികമായി കുറയുകയും ആഡംബരങ്ങൾക്കും വിനോദങ്ങൾക്കുമായി കൂടുതൽ പണം ചിലവഴിക്കുകയും ചെയ്യുന്നു.

**19. ഉത്തരവാദിത്ത ഉപഭോഗത്തിനായി വിദ്യാർത്ഥികൾക്ക് സ്വീകരിക്കാവുന്ന നടപടികൾ ഏവ?**

- ഭക്ഷണം പാഴാക്കാതിരിക്കുക,
- പ്ലാസ്റ്റിക് കവറുകൾക്ക് പകരം തുണിസഞ്ചികൾ ഉപയോഗിക്കുക,
- വെള്ളവും വൈദ്യുതിയും അനാവശ്യമായി പാഴാക്കാതിരിക്കുക,

- സാധനങ്ങൾ വാങ്ങുമ്പോൾ പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾക്ക് മുൻഗണന നൽകുക.

**20. പരിസ്ഥിതി സൗഹൃദ വികസനം എന്നാൽ എന്ത്?**

- പ്രകൃതിക്ക് ആഘാതമേൽപ്പിക്കാത്ത രീതിയിലുള്ള വികസന പ്രവർത്തനങ്ങളാണിത്.
- കുന്നുകൾ ഇടിക്കാതെയും വയലുകൾ നികത്താതെയും ജലസ്രോതസ്സുകൾ മലിനമാക്കാതെയും നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇതിന് ഉദാഹരണമാണ്.

**21. ഉൽപാദനത്തിലെ നിവേശങ്ങൾ എങ്ങനെയാണ് സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ടിരിക്കുന്നത്?**

- സാങ്കേതിക വിദ്യ മെച്ചപ്പെടുമ്പോൾ കുറഞ്ഞ നിവേശങ്ങൾ ഉപയോഗിച്ച് കൂടുതൽ ഉല്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കുന്നു (ഉൽപാദനക്ഷമത കൂടുന്നു).
- ഇത് ഉൽപാദന ചിലവ് കുറയ്ക്കാനും ഗുണമേന്മ വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

**22. വിപണി എന്നാൽ എന്ത്? വിപണിയുടെ സവിശേഷതകൾ എഴുതുക.**

- ഉല്പാദന പ്രക്രിയയിലൂടെ നിർമ്മിച്ച സാധനങ്ങളും സേവനങ്ങളും നേരിട്ടോ അല്ലാതെയോ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സംവിധാനമാണ് വിപണി.

**<u>സവിശേഷതകൾ:</u>**

- ഉല്പന്നങ്ങൾ വാങ്ങുന്നവരും വിൽക്കുന്നവരും ഉണ്ടായിരിക്കും.
- സാധനങ്ങളുടെ വില നിശ്ചയിക്കപ്പെടുന്നു.
- വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും തമ്മിൽ ആശയവിനിമയത്തിന് സൗകര്യമുണ്ടായിരിക്കും.
- വിവരങ്ങളുടെ കൈമാറ്റവും വിനിമയവും സാധ്യമാകുന്നു.

**23. ചോദന നിയമം വിശദീകരിക്കുക.**

- മറ്റ് ഘടകങ്ങളിൽ മാറ്റമില്ലെങ്കിൽ, ഒരു സാധനത്തിന്റെ വില വർദ്ധിക്കുമ്പോൾ ആ സാധനത്തിന്റെ ചോദനം കുറയുകയും വില കുറയുമ്പോൾ ചോദനം വർദ്ധിക്കുകയും ചെയ്യുന്നു.
- വിലയും ചോദനവും തമ്മിലുള്ള ഈ വിപരീത ബന്ധത്തെയാണ് ചോദന നിയമം എന്ന് വിളിക്കുന്നത്.
- വില കുറയുമ്പോൾ കൂടുതൽ ആളുകൾ സാധനം വാങ്ങാൻ തയ്യാറാകുന്നു എന്നതാണ് ഇതിന്റെ അടിസ്ഥാനം.

**24. വിതരണ നിയമം എന്നാൽ എന്ത്?**

- മറ്റ് ഘടകങ്ങളിൽ മാറ്റമില്ലെങ്കിൽ, ഒരു സാധനത്തിന്റെ വില വർദ്ധിക്കുമ്പോൾ ആ സാധനത്തിന്റെ വിതരണം വർദ്ധിക്കുകയും വില കുറയുമ്പോൾ വിതരണം കുറയുകയും ചെയ്യുന്നു.
- വിലയും വിതരണവും തമ്മിലുള്ള നേർബന്ധത്തെയാണ് വിതരണ നിയമം എന്ന് പറയുന്നത്. ഉയർന്ന വില ലഭിക്കുമ്പോൾ കൂടുതൽ ലാഭം പ്രതീക്ഷിച്ച് ഉല്പാദകർ കൂടുതൽ സാധനങ്ങൾ വിപണിയിലെത്തിക്കുന്നു.

**25. വിപണിയിലെ സന്തുലിത വില എന്നാൽ എന്ത്? അത് എങ്ങനെ നിർണ്ണയിക്കപ്പെടുന്നു?**

- വിപണിയിൽ ചോദനവും വിതരണവും തുല്യമാകുന്ന അവസ്ഥയിലെ വിലയെയാണ് സന്തുലിത വില എന്ന് പറയുന്നത്.
- വിപണിയിലെ ചോദന വക്രവും വിതരണ വക്രവും പരസ്പരം ഖണ്ഡിക്കുന്ന ബിന്ദുവിലാണ് സന്തുലിത വില നിശ്ചയിക്കപ്പെടുന്നത്.
- ഈ വിലയിൽ വാങ്ങാൻ ആഗ്രഹിക്കുന്ന അളവും വിൽക്കാൻ തയ്യാറുള്ള അളവും തുല്യമായിരിക്കും.

**26. തറവില എന്നാൽ എന്ത്? ഇത് ആർക്കാണ് പ്രയോജനപ്പെടുന്നത്?**

- ഉല്പാദന ചിലവിനേക്കാൾ താഴ്ന്ന നിലയിലേക്ക് വിപണി വില കുറയുമ്പോൾ ഉല്പാദകർക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ സർക്കാർ നിശ്ചയിക്കുന്ന ഏറ്റവും കുറഞ്ഞ വിലയാണ് തറവില.
- ഇത് പ്രധാനമായും കർഷകർക്കും മറ്റ് ഉല്പാദകർക്കുമാണ് പ്രയോജനപ്പെടുന്നത്.
- വിപണിയിൽ വില വളരെയധികം കുറഞ്ഞാലും സർക്കാർ നിശ്ചയിച്ച ഈ വിലയ്ക്ക് സാധനങ്ങൾ വിൽക്കാൻ അവർക്ക് സാധിക്കുന്നു.

**27. പരമാവധി വില എന്നാൽ എന്ത്? ഇതിന്റെ ലക്ഷ്യം എന്ത്?**

- അവശ്യ സാധനങ്ങളുടെ വില വിപണിയിൽ അനിയന്ത്രിതമായി വർദ്ധിക്കുമ്പോൾ, സാധാരണക്കാർക്ക് ആ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി സർക്കാർ നിശ്ചയിക്കുന്ന ഉയർന്ന വില പരിധിയാണ് പരമാവധി വില.
- ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.
- പൊതുവിതരണ സമ്പ്രദായം (റേഷൻ കടകൾ) വഴി കുറഞ്ഞ നിരക്കിൽ സാധനങ്ങൾ നൽകുന്നത് ഇതിന് ഉദാഹരണമാണ്.

**28. ചോദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?**

- സാധനത്തിന്റെ വില കൂടുമ്പോൾ ചോദനം കുറയുന്നു.
- ഉപഭോക്താവിന്റെ  വരുമാനം കൂടുമ്പോൾ സാധാരണയായി ചോദനം വർദ്ധിക്കുന്നു.
- ഉപഭോക്താവിന്റെ ഫാഷൻ, താല്പര്യം എന്നിവ മാറുന്നത് ചോദനത്തെ ബാധിക്കുന്നു.
- പകരമായി ഉപയോഗിക്കാവുന്ന സാധനങ്ങളുടെ വിലയിലെ മാറ്റം ചോദനത്തെ സ്വാധീനിക്കുന്നു.

**29. ചോദന വക്രവും വിതരണ വക്രവും തമ്മിലുള്ള വ്യത്യാസം എന്ത്?**

- **<u>ചോദന വക്രം</u> :** ഇത് ഇടത്തുനിന്ന് വലത്തോട്ട് താഴേക്ക് ചരിഞ്ഞാണ് ഇരിക്കുന്നത്. വിലയും ചോദനവും തമ്മിലുള്ള വിപരീത ബന്ധത്തെ ഇത് സൂചിപ്പിക്കുന്നു.
- **<u>വിതരണ വക്രം</u> :** ഇത് ഇടത്തുനിന്ന് വലത്തോട്ട് മുകളിലേക്ക് പോകുന്ന രീതിയിലാണ് കാണപ്പെടുന്നത്. വിലയും വിതരണവും തമ്മിലുള്ള നേർബന്ധത്തെ ഇത് സൂചിപ്പിക്കുന്നു.

**30. വിപണന തന്ത്രങ്ങൾ എന്നാൽ എന്ത്? ഉദാഹരണങ്ങൾ എഴുതുക.**

- വിപണിയിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും വിൽപന വർദ്ധിപ്പിക്കുന്നതിനായി വ്യാപാരികളും കമ്പനികളും സ്വീകരിക്കുന്ന രീതികളെയാണ് വിപണന തന്ത്രങ്ങൾ എന്ന് പറയുന്നത്.

**<u>ഉദാഹരണങ്ങൾ:</u>**

- ആകർഷകമായ പരസ്യങ്ങൾ നൽകുക.
- വിലക്കിഴിവ് , ബൈ വൺ ഗെറ്റ് വൺ ഓഫറുകൾ.
- ആകർഷകമായ പാക്കേജിംഗ്.
- സൗജന്യ സമ്മാനങ്ങൾ നൽകുക.

**31. ഡിജിറ്റൽ മാർക്കറ്റിംഗ് വിശദീകരിക്കുക.**

- ഇന്റർനെറ്റ്, സോഷ്യൽ മീഡിയ, മൊബൈൽ ഫോൺ തുടങ്ങിയ ഡിജിറ്റൽ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സാധനങ്ങളും സേവനങ്ങളും വിപണനം ചെയ്യുന്ന രീതിയാണിത്.
- ഇതിലൂടെ ഉപഭോക്താക്കൾക്ക് വീട്ടിലിരുന്ന് തന്നെ സാധനങ്ങൾ തിരഞ്ഞെടുക്കാനും വാങ്ങാനും സാധിക്കുന്നു.
- 1990-കളോടെയാണ് ഈ രീതി പ്രചാരത്തിലായത്. ഇതിനെ ഓൺലൈൻ മാർക്കറ്റിംഗ് എന്നും വിളിക്കുന്നു.

**<u>ഡിജിറ്റൽ മാർക്കറ്റിംഗിന്റെ സവിശേഷതകൾ</u>**

- ഇന്റർനെറ്റ് (ഓൺലൈൻ) അധിഷ്ഠിത സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്ന വിപണനരീതിയാണിത്.
- ഉപഭോക്താക്കൾക്ക് വിപണനകേന്ദ്രം സന്ദർശിക്കേണ്ടതില്ല. ലോകത്തിന്റെ ഏതുഭാഗത്തുനിന്നും ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി ഉല്പന്നങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.
- സമയലാഭം, ഉല്പന്നങ്ങളിലെ വൈവിധ്യം, ആകർഷണീയത
- ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ പുതിയ രീതിയിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.